ഉത്തരം

(എ) ഒൻപതു പേരടങ്ങിയ സെലക്ട് ലിസ്റ്റാണ് തയ്യാറാക്കിയിരുന്നത്. ആറുപേർക്ക് നിയമനം നൽകി.

(ബി) സെലക്ട് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമായിരുന്നു. സെലക്ട് ലിസ്റ്റിന്റെ കാലാവധി 19-7-1986-ൽ അവസാനിച്ചു; അതിനാൽ സെലക്ട് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല

മാനന്തവാടി ചില്ലിംഗ് പ്ലാന്റ്

1148 [1724] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ചില്ലിംഗ് പ്ലാന്റിന്റെ പണി പൂർത്തിയാക്കാൻ എന്താണ് താമസം;

(ബി) എപ്പോഴേക്ക് പ്രവർത്തനം ആരംഭിക്കും;

(സി) വയനാട് ജില്ലയിൽ പുതിയ ചില്ലിംഗ് പ്ലാന്റുകൾ ഇനിയും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) പണത്തിന്റെ അഭാവമാണ് പ്രധാന കാരണം. കൂടാതെ പ്ലാന്റിന് മതിയായ ശുദ്ധജലം ലഭ്യമാക്കുന്നതിനും മലിനജലം ട്രീറ്റ് ചെയ്തത് ഒഴിക്കിക്കളയുന്നതിനുവേണ്ടി കൂടുതലായി ആവശ്യമുള്ള സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് ഉണ്ടായ താമസവുമാണ് മറെറാരു കാരണം

(ബി) ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അഴീക്കോട് ബോട്ട് ബിൽഡിംഗ് യാർഡ്

1149 [1725] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് പ്രവർത്തിച്ചിരുന്ന ബോട്ട് ബിൽഡിംഗ് യാർഡ് നിർത്തൽ ചെയ്തതിനെത്തുടർന്ന് ഈ സ്ഥാപനത്തിന്റെ സ്ഥലവും കെട്ടിടവും ഉപയോഗമില്ലാതെ കിടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇനി അവിടെ എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എയും ബിയും) അഴീക്കോട് പ്രവർത്തിച്ചിരുന്ന ബോട്ട് ബിൽഡിംഗ് യാർഡ് നിർത്തൽ ചെയ്തതിനെ തുടർന്ന് പ്രസ്തുത സ്ഥലവും കെട്ടിടവും അഴീക്കോട് റീജിയണൽ ഫിഷിംഗ് ഹാർബറിയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly